# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:6936 13.07.2012 - ൽ മറുപടിക്ക്

## ജലസ്രോതസ്സുകളുടെ നവീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ | | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം നാൾക്കുനാൾ വർദ്ധിച്ചുവരുന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ നവീകരണം, പുനരുദ്ധാരണം, പമ്പുകളുടെയും പൈപ്പുകളുടെയും അറ്റകുറ്റപ്പണികൾ, മാറ്റി സ്ഥാപിക്കൽ എന്നിവയ്ക്കും കഴിഞ്ഞ ബജറ്റിൽ തുക നീക്കിവെച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | 2012-13 ബഡ്ജറ്റിൽ സംസ്ഥാനത്തെ നിലവിലുള്ള നഗര ശുദ്ധജലവിതരണ പദ്ധതികൾ മെച്ചപ്പെടുത്തലിനും പുനരുദ്ധാരണത്തിനും വേണ്ടി ആറ് കോടി രൂപയും, ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ പൈപ്പുലൈനുകൾ, പമ്പ് സെറ്റുകൾ, മോട്ടോറുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ/മാറ്റി സ്ഥാപിക്കൽ എന്നിവയ്ക്ക് ആറ് കോടി രൂപയും, ഉപയോഗ യോഗ്യമല്ലാത്ത പമ്പുകൾ, മോട്ടോറുകൾ, വൈദ്യുത ഉപകരണങ്ങൾ എന്നിവയുടെ പുനരുദ്ധാരണത്തിന് 1.15 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2012-13-ലെ ബഡ്ജറ്റിൽ നബാർഡ് പദ്ധതികൾക്കായി അനുവദിച്ച 36 കോടി രൂപയിൽ നബാർഡ് സഹായത്തോടെ പമ്പ് മാറ്റി വയ്ക്കുന്നതിനുള്ള പദ്ധതി ഉൾപ്പെടുന്നു. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 85 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (സി) | ജലസ്രോതസ്സുകളിലേയ്ക്ക് നീരൊഴുക്ക് തിരിച്ചു വിടാൻ സാധ്യമായ സ്ഥലങ്ങളിൽ പുതിയ ഡൈവേർഷൻ ചാന ലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | ജലസ്രോതസ്സുകളിലേയ്ക്ക് നീരൊഴുക്ക് തിരിച്ച് വിടേണ്ട ആവശ്യകതയ്ക്കനുസരിച്ച് (വേനൽ കാലങ്ങളിൽ) താല്ക്കാലിക ബണ്ടുകൾ കെട്ടിയും കുടുങ്ങി കിടക്കുന്ന ജല കണങ്ങളെ (Trapped pools) ചേർക്കുന്നതിനായിട്ടും ചാനൽ ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ